# മത്സരിക്കുക;അല്ലാഹുവിന്റെ പ്രീതിക്കായി

**എം. എം. അക്ബർ**

ഈയിടെ ഇസ്‌ലാം സ്വീകരിച്ച ഒരു സുഹൃത്തിൻെറ അനുഭവം. തൻെറ ഇസ്‌ലാം പഠനത്തിൻെറ സമയത്ത് ഏതാനും 'പ്രബോധകർ' വീട്ടിലെത്തി. താൻ ഇസ്‌ലാമിനെക്കുറിച്ച് ഗൗരവതരമായി പഠിച്ചുകൊണ്ടിരിക്കുകയാണെന്നും സത്യമാണെന്ന് ബോധ്യപ്പെട്ടാൽ സ്വീകരിക്കുവാൻ സന്നദ്ധമാണെന്നും മനസ്സിലാക്കിക്കൊണ്ടാണ് വരവ്. പുതുതായി രൂപീകരിച്ച പ്രബോധക സംഘത്തിന് വിലാസമുണ്ടാക്കുവാൻ തൻെറ ഇസ്‌ലാം ആശ്ലേഷത്തെ ഉപയോഗപ്പെടുത്താനാവുമോയെന്ന 'ഗവേഷണ'മാണ് സന്ദർശനത്തിനു പിന്നിലെ യഥാർഥ പ്രചോദനമെന്ന് അൽപനേരത്തെ സംഭാഷണത്തിൽ നിന്നുതന്നെ അദ്ദേഹത്തിന് ബോധ്യപ്പെട്ടു. തങ്ങൾ പുതു മുസ്‌ലിംകൾക്കായി ചെയ്തുവരുന്ന സേവനങ്ങളും നമ്മുടെ സുഹൃത്തിന് ഇസ്‌ലാം പഠനത്തിന് പ്രേരകമായി വർത്തിച്ച സ്ഥാപനത്തിൻെറ പോരായ്മകളും വാക്കുകൾക്കിടയിലെല്ലാം തിരുകിവെച്ചുകൊണ്ടായിരുന്നു 'പ്രബോധക'രുടെ വർത്തമാനം മുഴുവൻ. സ്വതവേ ശാന്തശീലനായ സുഹൃത്തിന് വല്ലാതെ ദേഷ്യം വന്നെങ്കിലും പുറത്തു കാണിച്ചില്ല. തനിക്ക് ഇസ്‌ലാമിനെക്കുറിച്ച് അത്യാവശ്യം കാര്യങ്ങൾ അറിയാമെന്നും സംശയങ്ങളുണ്ടെങ്കിൽ വിവരമുള്ളവരോട് ചോദിച്ചു പഠിച്ചുകൊള്ളാമെന്നും പറഞ്ഞ് സുഹൃത്ത് പ്രബോധകസംഘത്തെ യാത്രയയച്ചു.

അമുസ്‌ലിംകൾക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നതെന്തിനെന്ന് ചിന്തിച്ചിരുന്ന മുസ്‌ലിം സമുദായത്തിൻെറ പൊതു ഭൂതകാലത്തിന് ഒരു പതിറ്റാണ്ട് പഴക്കമേയുള്ളൂ. ആദർശപ്രബോധനത്തിലൂടെ ഇസ്‌ലാമിലേക്ക് ആരെയെങ്കിലും ആകർഷിക്കുവാൻ കഴിയുമെന്ന് കരുതുന്നതിൽ കഴമ്പില്ലെന്ന മട്ടിൽ സംസാരിക്കുന്ന നിരവധി 'ഭക്ത'രായ മുസ്‌ലിംകളുമായി വർത്തമാനം പറയാൻ കഴിഞ്ഞ ഒന്നര പതിറ്റാണ്ടുകാലത്തെ പ്രബോധകജീവിതത്തിനിടയ്ക്ക് എനിക്കുതന്നെ അവസരമുണ്ടായിട്ടുണ്ട്. ആ സ്ഥിതിയ്ക്ക് മാറ്റമുണ്ടാവുന്നത് എന്തുകൊണ്ടും ഈ രംഗത്തുള്ളവരെ സന്തോഷിപ്പിക്കേണ്ടതുണ്ട്. കേരളത്തിൽ തന്നെ ഇന്ന് ഒരുപാട് പ്രബോധക സംഘങ്ങളുണ്ട്; തങ്ങളുടേതായ രീതിയിലും രൂപത്തിലും അവരെല്ലാം പ്രബോധന പ്രവർത്തനങ്ങൾ നടത്തുന്നുമുണ്ട്. എന്തെന്തു പാളിച്ചകളുണ്ടെങ്കിലും അവരുടെയെല്ലാം പ്രവർത്തനങ്ങൾ വഴി നിരവധി പേർക്ക് സത്യമതത്തെക്കുറിച്ച് പഠിക്കുവാനും മനസ്സിലാക്കുവാനും അവസരങ്ങളുണ്ടാകുന്നുമുണ്ട്. സമുദായം മൊത്തത്തിൽ ഇസ്‌ലാമിക പ്രബോധനത്തിൻെറ അനിവാര്യത അംഗീകരിക്കുകയും ഇസ്‌ലാം ജനങ്ങൾക്കു മുന്നിൽ സമർപ്പിക്കുവാൻ പറ്റുന്നതാണെന്ന് ഉൾക്കൊള്ളുകയും ചെയ്യുന്നുവെന്നതുതന്നെ വലിയ കാര്യമാണ്. അതിന്ന് നിമിത്തമായതിനു പിന്നിൽ പ്രവർത്തിക്കുന്ന ഓരോ കൂട്ടായ്മയുടെയും സേവനം അമൂല്യമാണ്. അല്ലാഹു എല്ലാവർക്കും തങ്ങളുടെ ഉദ്ദേശ ശുദ്ധിക്കനുസരിച്ച് തക്കതായ പ്രതിഫലം നൽകട്ടെ (ആമീൻ).

കേരളത്തിൽ പ്രവർത്തിക്കുന്ന നിരവധി മുസ്‌ലിം സംഘടനകളുണ്ട്; അവ തമ്മിൽ പല വിഷയങ്ങളിലും ഗുരുതരമായ അഭിപ്രായാന്തരങ്ങളുണ്ട്. പ്രസ്തുത അഭിപ്രായാന്തരങ്ങളെക്കുറിച്ച ചർച്ചകളും സംവാദങ്ങളുമെല്ലാം പൊതുവേദികളിൽ നടക്കാറുമുണ്ട്. കേരളീയ മുസ്‌ലിം സമൂഹത്തിൻെറ ധൈഷണിക മുന്നേറ്റത്തിന് അനൽപമായ സംഭാവനകൾ നൽകിയിട്ടുള്ളവയാണ് ഇത്തരം ചർച്ചകളും സംവാദങ്ങളുമെല്ലാമെന്ന വസ്തുത നിഷേധിക്കുവാൻ ചരിത്രത്തെ സത്യസന്ധമായി സമീപിക്കുന്നവർക്കൊന്നും കഴിയില്ല. മുസ്‌ലിം സംഘടനകൾ തമ്മിലുള്ള അഭിപ്രായാന്തരങ്ങളുടെ സ്വാധീനം അവയുടെ അനുബന്ധങ്ങളായി നിലനിൽക്കുന്ന പ്രബോധക സംഘങ്ങളുടെ പ്രവർത്തനത്തിലും ശൈലിയിലുമെല്ലാം പ്രകടമായിത്തന്നെ നിലനിൽക്കും. അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങൾ മറന്നുകൊണ്ട് അമുസ്‌ലിംകൾക്കിടയിൽ പ്രബോധന പ്രവർത്തനങ്ങൾ നടത്തുന്നവർ ഒന്നിക്കണമെന്ന അഭിപ്രായം അപ്രായോഗികമാണെന്ന് പറയുന്നത് അതുകൊണ്ടാണ്. അഭിപ്രായാന്തരങ്ങൾ ഗുരുതരവും അടിസ്ഥാ

നപരവുമായതുകൊണ്ടു തന്നെ അവ മറച്ചുവെക്കുന്നത് ഒരുതരം കാപട്യമാണ്. ഒരു കൂട്ടർ നരകത്തിലേക്ക് നയിക്കുന്ന പ്രവൃത്തിയായിക്കരുതുന്ന കാര്യം മറ്റൊരു കൂട്ടർ സ്വർഗത്തിലെത്തിക്കുന്നതെന്നു വിചാരിക്കുന്നതാണ്. ഇതെല്ലാം മറച്ചുവെച്ചുകൊണ്ടുള്ള ഒരു പ്രബോധനം അപ്രായോഗികമാണ്. ഓരോ കൂട്ടായ്മയുടെയും പ്രബോധന പ്രവർത്തനങ്ങളിൽ തങ്ങൾ സ്വർഗത്തിലേക്കെത്തിക്കുന്നതെന്നു കരുതുന്ന കാര്യങ്ങൾക്കാണ് മുൻതൂക്കമുണ്ടാവുക. മറ്റേയാളെ സംബന്ധിച്ചിടത്തോളം അത് ശാഖാപരവും നിസ്സാരവുമാവും. അതുകൊണ്ടുതന്നെ ഓരോ കൂട്ടായ്മയും തങ്ങളുടേതായ രീതിയിലും രൂപത്തിലും പ്രബോധന പ്രവർത്തനങ്ങൾ നടത്തുന്നതാണ് പ്രായോഗികവും ആത്മാർഥവുമായ രീതി.

പ്രബോധനരംഗത്ത് ഒന്നിലധികം സംഘങ്ങളുണ്ടാവുമ്പോൾ മത്സരങ്ങൾ സ്വാഭാവികമാണ്. ഈ മത്സരങ്ങൾ സൃഷ്ടിപരമാവുകയാണെങ്കിൽ സമുദായത്തിനും ആദർശ പ്രബോധനത്തിനും ഏറെ ഗുണം ചെയ്യും. പക്ഷേ, ഈ മത്സരങ്ങൾ എല്ലാവരും അംഗീകരിക്കുന്ന ഇസ്‌ലാമിക മൂല്യങ്ങളെ തിരസ്കരിച്ചുകൊണ്ടായിക്കൂടാ. തങ്ങൾ മുന്നോട്ടു വെക്കുന്ന ആദർശത്തിൻെറ ഉജ്വലതയെക്കുറിച്ച് പ്രബോധിത സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിലാണ് ഓരോരുത്തരും മത്സരിക്കേണ്ടത്. അതല്ലാതെയുള്ള മത്സരങ്ങൾ ഇസ്‌ലാമിനോ മുസ്‌ലിംകൾക്കോ തങ്ങൾക്കുതന്നെയോ നേട്ടമുണ്ടാക്കുകയില്ലെന്ന തിരിച്ചറിവ് ഓരോരുത്തർക്കുമുണ്ടാവേണ്ടതാണ്. ഏതാനും ദൈവിക നിർദേശങ്ങൾ ശ്രദ്ധിക്കുക:

''നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിൻെറ കവിൾ തിരിച്ചുകളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല'' (31218).

''സത്യവിശ്വാസികളേ, ഒരു ജനവിഭാഗവും മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരെക്കാൾ നല്ലവരായിരുന്നേക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളെയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരെക്കാൾ നല്ലവരായിരുന്നേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസപ്പേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും അരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനുശേഷം അധാർമികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത! വല്ലവനും പശ്ചാത്തപിക്കാത്തപക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ''(49:11).

''സത്യവിശ്വാസികളേ, ഊഹത്തിൽനിന്ന് മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിപ്പ് പറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളിൽ ആരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപാം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു'' (49:12).
''ജനങ്ങളെ കാണിക്കുവാനായി തങ്ങളുടെ സ്വത്തുക്കൾ ചെലവഴിക്കുന്നവരും, അല്ലാഹുവിലോ അന്ത്യദിനത്തിലോ വിശ്വാസമില്ലാത്തവരുമാണവർ. പിശാചാണ് ഒരാളുടെ കൂട്ടാളിയാകുന്നതെങ്കിൽ അവൻ എത്ര ദുഷിച്ച കൂട്ടുകാരൻ!'' (4:38).—

''പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു'' (5:2).

ഒരു നബിവചനം കാണുക: ഇബ്നുഉമറിൽനിന്ന് നിവേദനം: നബി( സ) പറഞ്ഞു: '' രണ്ടു കാര്യങ്ങളിലല്ലാതെ അസൂയവെക്കാൻ പാടില്ല. ഒരാൾക്ക് അല്ലാഹു ഖുർആനിൽ പാണ്ഡിത്യം നൽകി. എന്നിട്ട് അവൻ രാവും പകലും ഖുർആൻ ഓതിക്കൊണ്ട് നമസ്കരിക്കുന്നു. ഒരാൾക്ക് അല്ലാഹു സമ്പത്ത് നൽകി. എന്നിട്ട് (അല്ലാഹുവിൻെറ മാർഗത്തിൽ) രാത്രിയിലും പകലിലും പെലവഴിക്കുന്നു'' (ബുഖാരി, മുസ്‌ലിം). എനിക്കും ഇവരെപ്പോലെയാകണമെന്നു കരുതി നന്മയിൽ മത്സരിക്കലാണ് അസൂയ എന്ന പദംകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്.